പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം-നം. 1084.

12.6.2014 ൽ
മറുപടിക്ക്

## സ്വയംഭരണ കോളേജുകൾ ആരംഭിക്കുന്നതിനുള്ള തീരുമാനം

ചോദ്യം
ശ്രീമതി.കെ.എസ്.സലീഖ.

മറുപടി
ശ്രീ. പി.കെ. അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വയംഭരണ കോളേജുകൾ ആരംഭിക്കാൻ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (എ) | ഉണ്ട്. 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിരുന്നു. സർവ്വകലാശാലകൾ അപേക്ഷിച്ചതിൻ പ്രകാരം പ്രസ്തുത കോളേജുകളിൽ സ്വയംഭരണപദവി നൽകുന്നതിനു മുന്നോടിയായുള്ള പരിശോധന നടത്തുന്നതിനുള്ള നടപടികൾ യു.ജി.സി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആയത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | യു.ജി.സിയുടെ മാർഗ്ഗനിർദ്ദേശങ്ങളോടൊപ്പം സംസ്ഥാനത്ത് സ്വയംഭരണ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് പ്രൊഫ.എൻ.ആർ.മാധവ മേനോൻ അദ്ധ്യക്ഷനായ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളുടെയും അടിസ്ഥാനത്തിലാണ് കോളേജുകൾക്ക് സ്വയംഭരണപദവി നൽകാനുള്ള തീരുമാനം സ്വീകരിച്ചിട്ടുള്ളത്. |
| (സി) | ഇക്കാര്യം സംബന്ധിച്ച് സംസ്ഥാനത്തെ അംഗീകൃത രാഷ്ട്രീയ പാർട്ടികളുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുമായിട്ടാണെന്നും വ്യക്തമാക്കുമോ ; | (സി) | ഇല്ല.വിവിധ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും ചർച്ച നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്വകാര്യ മാനേജ്മെന്റുകളുടെ ഏതൊക്കെ കോളേജുകൾക്കും സർക്കാർ/എയ്ഡഡ് കോളേജുകൾക്കുമാണ് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുള്ളത്. | (ഡി) | യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം, മഹാരാജാസ് കോളേജ് , എറണാകുളം എന്നീ രണ്ട് സർക്കാർ കോളേജുകൾക്കും പതിനൊന്ന് എയ്ഡഡ് കോളേജുകൾക്കും സ്വയംഭരണാവകാശം നൽകുന്നതിനാണ് യു.ജി.സിയോട് അപേക്ഷിച്ചിട്ടുള്ളത്. എയ്ഡഡ് കോളേജുകളുടെ പേര് ചുവടെ ചേർക്കുന്നു.<br>1.മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം.<br>2.ഫാത്തിമ മാതാ നാഷണൽ കോളേജ്, കൊല്ലം.<br>3.സെന്റ് ബെർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി.<br>4.സെന്റ് തെരേസാസ് കോളേജ്, എറണാകുളം.<br>5.സേക്രട്ട് ഹാർട്ട് കോളേജ്,തേവര, എറണാകുളം.<br>6.രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്,എറണാകുളം.<br>7.ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട.<br>8.സെന്റ് തോമസ് കോളേജ്,തൃശ്ശൂർ.<br>9.എം.ഇ.എസ് കോളേജ്, മമ്പാട്.<br>10.ഫറോക്ക് കോളേജ്, കോഴിക്കോട്.<br>11.സെന്റ് ജോസഫസ് കോളേജ്,ദേവഗിരി,കോഴിക്കോട്. |
| (ഇ) | സ്വയംഭരണ കോളേജുകൾ സംബന്ധിച്ച് കേരള വിദ്യാഭ്യാസ സമിതി ചെയർമാൻ പ്രൊഫ.നൈനാൻ കോശി സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ചുവോ ; എങ്കിൽ ഇതിന്മേൽ നയം വ്യക്തമാക്കുമോ ; | | പരിശോധിച്ചിട്ടില്ല. |
| (എഫ്) | സംസ്ഥാനത്ത് നിലനിൽക്കുന്ന വിദ്യാഭ്യാസ പുരോഗതി സംവരണമടക്കമുള്ള പിന്നോട്ടേക്ക് എത്തിക്കുന്ന സംവിധാനമാണ് സ്വയംഭരണ കോളേജുകൾ എന്ന പരാതി വിവിധ വിദ്യാർത്ഥി സംഘടനകളും, രാഷ്ട്രീയ കക്ഷികളും, വിദ്യാഭ്യാസ വിചക്ഷണരും ഉന്നയിച്ച | (എഫ്) | യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായും പ്രൊഫ.എൻ.ആർ.മാധവ മേനോൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചുമാണ് സംസ്ഥാനത്ത് കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകാൻ തീരുമാനിച്ചിട്ടുള്ളത്.വിവിധ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായും വിദ്യാർത്ഥി സംഘടനകളുമായും വിദ്യാഭ്യാസ വിചക്ഷണന്മാരുമായും ഈ |

| | | | |
|---|---|---|---|
| | സാഹചര്യത്തിൽ ഇവരെ ഉൾപ്പെടുത്തി ഒരു പഠനം നടത്തി റിപ്പോർട്ട് വാങ്ങിയ ശേഷം ഈ സംവിധാനം നടപ്പിലാക്കിയാൽ മതിയെന്ന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ; വിശദാംശം വ്യക്തമാക്കുമോ ? | | സംബന്ധിച്ച് ചർച്ച നടത്തിയിട്ടുണ്ട്.സർക്കാരിന്റെ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ,മെറിറ്റ് എന്നിവ പാലിച്ചു മാത്രമാണ് സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം അനുവദിക്കുന്നത്. ഇക്കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി വിവിധ സർവ്വകലാശാലകളുടെ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ